DESPATCHED
On..13/3/2020
5:20(1)
31/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic. ker@nic.in

**ഹർജി നമ്പർ AP.No.2925(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.14717/SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. Aby Abraham Eapen,
(DDA Rtd),
Karudamannil,
Oonnakkavu P.O, Ranny,
Pathanamthitta – 689 674. } Appellant

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,
ശാസ്താംകോട്ട, പോരുവഴി പി.ഒ,
കൊല്ലം – 690 520.

അപ്പീൽ അധികാരി,
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസ്,
കളക്ടറേറ്റ്, കൊല്ലം – 691 013. } എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.07.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 16.08.2018 |
| ഒന്നാം അപ്പീൽ | 27.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 01.10.2018 |
| രണ്ടാം അപ്പീൽ | 10.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.11.2018, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പത്തനംതിട്ട |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ വടശ്ശേരിക്കര കൃഷി ഭവനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന 8 വിവരങ്ങളാണ്.
   a. When did that office received the Cheque/DD from office of the ADA Sasthamcotta towards the purchase of the Machinery
   b. When did that office made the payment
   c. When and who took the delivery of the two machinery etc

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്നും മറുപടി ലഭ്യമാകാത്ത തിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. 27.08.2018 തീയതി സമർപ്പിച്ച ഒന്നാം അപ്പീലിന് 01.10.2018 തീയതി സീനിയർ സൂപ്രണ്ട് കൂടിയായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ അറിയിക്കുന്നത്, ടിയാന്റെ വിവരാവ കാശ അപേക്ഷയ്ക്ക് 16.08.2018 ലെ എസ്.1/1881/2018 നമ്പർ കത്ത് പ്രകാരം രജിസ്റ്റേർഡ് തപാലായി അയച്ചു നൽകിയതായി ശാസ്താംകോട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട് എന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു എന്നുമാണ്.

3. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും ടി വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ അറിയിച്ചത്, 25.07.2018 ലെ വിവ രാവകാശ അപേക്ഷയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിക്കുന്നത് വരെ യാതൊരു വിവരവും ഒന്നാം എതിർകക്ഷി നൽകിയിരുന്നില്ല എന്നാണ്.

4. അപ്പീൽഹർജിക്കാരൻ 20.07.2018 തീയതി വച്ച് സമർപ്പിച്ച വിവരാവകാശ അപേക്ഷ 23.07.2018 ൽ ഓഫീസിൽ ലഭ്യമായി എന്നും ആയതിന് 16.08.2018 തീയതി മറുപടി നൽകി എന്നും തുടർന്ന് 27.08.2018 ലെ അപ്പീൽ അപേക്ഷ 06.09.2018 ന് ഓഫീസിൽ ലഭിച്ചതായും ആയതിന് 28.09.2018 ന് മറുപടി നൽകി എന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. കൂടാതെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് എസ്1 004/2002-03 പ്രോജക്ട് പ്രകാരം 15 ലക്ഷം രൂപ വകയിരുത്തിയ കൊയ്ത്തു മെതിയന്ത്രം വാങ്ങുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതും ബ്ലോക്ക് വിഹിതമായ 8 ലക്ഷം രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ശാസ്താംകോട്ട അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ പേർക്ക് നൽകിയിട്ടുള്ളതും മേൽ പദ്ധതിയുടെ രേഖകൾ ടിയാന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നുണ്ട്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷിയുടെ മൊഴിയും പരിശോ ധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ 20.07.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടില്ല എന്ന് വ്യക്തം. ഒന്നാം അപ്പീൽ നൽകിയതിന് ശേഷം ലഭ്യമാക്കിയ 16.08.2018 ൽ നൽകി എന്ന് അവകാശപ്പെടുന്ന മറുപടിയിൽ ശരിയായ വിവരമായിരുന്നില്ല ഉണ്ടായിരുന്നത്. കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി നേർവിചാരണയ്ക്ക് ഹാജരായപ്പോൾ സമർപ്പിച്ച റിപ്പോർട്ടും 28.11.2019 തീയതി സമർപ്പിച്ച റിപ്പോർട്ടും പരിശോധിക്കുമ്പോൾ 16.08.2018 ൽ നൽകിയ മറുപടി തികച്ചു തെറ്റും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് മാത്രവു മല്ല പ്രസ്തുത കത്ത് 29.08.2018 ന് മാത്രമാണ് ലഭിച്ചത്. തപാൽ കവർ തെളിവിനായി ഹാജരാക്കിയിട്ടുമുണ്ട്. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ലഭ്യമായ അപേക്ഷയ്ക്ക് അതേ നിയമം വകുപ്പ് 7(1) പ്രകാരം 30 ദിവസത്തിനുള്ളിൽ മറുപടി നൽകണമെന്നിരിക്കെ സമയബന്ധിതമായി മറുപടി നൽകിയില്ല എന്നുമാത്രവുമല്ല ഒന്നാം അപ്പീൽ നൽകിയതിന് ശേഷവും ലഭ്യമാക്കിയ പ്രസ്തുത മറുപടിയിൽ വിവര ങ്ങൾ ബോധപൂർവ്വം മറച്ച് വയ്ക്കുന്ന തരത്തിലുമായിരുന്നു. ഇത് വിവരാവകാശ നിയമം വകുപ്പ് 7(1) ന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയി രുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിതകാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക്എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത

സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. 20.07.2018 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ശരിയായ വിവരം ലഭിച്ചിട്ടില്ല എന്ന് അപ്പീൽ ഹർജിക്കാരൻ അറിയിച്ച സാഹചര്യത്തിൽ മേപ്പടി വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് 1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരത്തിന് വ്യക്തവും കൃത്യവുമായ മറുപടി ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ അപ്പീൽഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ സൗജന്യമായി അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം യഥാസമയം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM